**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** — **30-08-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | **ആലപ്പുഴ ബീച്ച് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ബീച്ചിനോട് ചേർന്നുള്ള വിജയാ പാർക്ക് നവീകരിച്ചു; ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ബീച്ച് സൗന്ദര്യവൽക്കരണത്തിനായി ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽപെടുത്തിയ 'ബീച്ച് സൈഡ് ഡവലപ്മെന്റി'ന കിഫ്ബി 4,05,00,000/- (നാല്പ കോടി അഞ്ച് ലക്ഷം) രൂപ അനുവദിക്കുകയും ഇൻകെൽ മുഖേന ടെൻഡറിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.**<br><br>**എന്നാൽ ആലപ്പുഴയിൽ പുതിയ ബൈപ്പാസിന്റെ റീച്ച് വരുന്ന സാഹചര്യത്തിൽ ദേശീയപാത അതോറിട്ടി അനുമതി നിഷേധിച്ചതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകാനായില്ല.** |
| (ബി) | അവധിക്കാല ഉല്ലാസത്തിനായി എത്തുന്ന വിനോദസഞ്ചാരികൾക്ക് സൗകര്യപ്രദമായ താമസം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വിനോദ സഞ്ചാരികൾക്കായി സ്വകാര്യ മേഖലയിൽ നിരവധി അക്കോമഡേഷൻ യൂണിറ്റുകളും കേരള വിനോദ സഞ്ചാര വികസന കോർപറേഷന്റെ വിവിധ യൂണിറ്റുകളും ധാരാളം ഹൗസ് ബോട്ടുകളും ആലപ്പുഴയിൽ ലഭ്യമാണ്. |
| (സി) | ഉത്തരവാദിത്ത ടൂറിസം മുഖേന പ്രദേശവാസികൾക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ; | (സി) | ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, അക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി |

| | | | |
|---|---|---|---|
| | | | ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം മുതൽ കൂടുതൽ പേർക്ക് വിനോദ സഞ്ചാര മേഖലയിൽ നിന്നു വരുമാന ലഭ്യത ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ എറ്റെടുക്കാനും ഉത്തരവാദിത്ത ടൂറിസം മിഷനു പദ്ധതിയുണ്ട്. |
| (ഡി) | ആലപ്പുഴയുടെ സൗന്ദര്യവൽക്കരണ പദ്ധതികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ